REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 05-12-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **പ്രധാനമന്ത്രി നരേന്ദ്രമോദി റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിനുമായി ന്യൂഡൽഹിയിൽ ഇന്ന് ചർച്ച നടത്തും.**
- **റിസർവ് ബാങ്കിന്റെ ദ്വൈമാസ സാമ്പത്തിക നയം രാവിലെ പ്രഖ്യാപിക്കും.**
- **BLO-മാരുടെ ജോലിഭാരം കുറയ്ക്കാൻ സംസ്ഥാനങ്ങൾ അധിക ജീവനക്കാരെ നിയോഗിക്കുന്ന കാര്യം പരിഗണിക്കണമെന്ന് സുപ്രീംകോടതി.**
- **തദ്ദേശ തെരഞ്ഞെടുപ്പ് ആദ്യഘട്ടത്തിൽ പ്രചാരണത്തിന് ശേഷിക്കുന്നത് ഇനി മൂന്നു ദിവസം.**
- **സൂപ്പർലീഗ് കേരള ഫുട്ബോളിൽ മലപ്പുറം FC സെമി യോഗ്യത നേടി.**

## വാർത്തകൾ വിശദമായി

ഇന്ത്യാ സന്ദർശനത്തിനെത്തിയ റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ പ്രധാനമന്ത്രി നരേന്ദ്രമോദിയുമായി ഇന്ന് കൂടിക്കാഴ്ച നടത്തും. ഉഭയകക്ഷി ബന്ധങ്ങളിലെ പുരോഗതി വിലയിരുത്തുന്ന ഇരു നേതാക്കളും പ്രാദേശിക ആഗോള വിഷയങ്ങൾ ചർച്ച ചെയ്യും. വ്യാപാരം, ആരോഗ്യ സുരക്ഷ, സമ്പദ് വ്യവസ്ഥ, വിദ്യാഭ്യാസം, സംസ്കാരം, മാധ്യമം തുടങ്ങിയ മേഖലകളിൽ ഏതാനും കരാറുകളിൽ ഇന്ത്യയും റഷ്യയും ഒപ്പുവെച്ചേക്കുമെന്നാണ് സൂചന. 23-ാമത് ഇന്ത്യ-റഷ്യ വാർഷിക ഉച്ചകോടിയിൽ പങ്കെടുക്കാൻ ഇന്നലെ വൈകിട്ടാണ് പുടിൻ ഡൽഹിയിലെത്തിയത്. വിമാനത്താവളത്തിൽ പ്രധാനമന്ത്രി അദ്ദേഹത്തെ ഊഷ്മളമായി വരവേറ്റു.

രാവിലെ രാഷ്ട്രപതി ഭവനിൽ പുടിന് ആചാരപരമായ സ്വീകരണം ഒരുക്കിയിട്ടുണ്ട്. വൈകിട്ട് അദ്ദേഹത്തിനായി രാഷ്ട്രപതി അത്താഴവിരുന്നും നൽകും. രാജ്ഘട്ടിലെ ഗാന്ധി സ്മാരകത്തിൽ പുടിൻ പുഷ്പ ചക്രം അർപ്പിക്കും.

കഴിഞ്ഞ 11 വർഷത്തിനിടെ 19 തവണ നരേന്ദ്രമോദിയും പുടിനും കൂടിക്കാഴ്ച നടത്തിയിട്ടുണ്ട്.

✪✪✪

ഇൻഡിഗോ വിമാന സർവീസുകൾ ഇടയ്ക്കിടെ തടസ്സപ്പെടുന്ന സാഹചര്യം കൈകാര്യം ചെയ്യുന്നതിൽ എയർലൈൻസിന് വീഴ്ച സംഭവിച്ചതായി വ്യോമയാന മന്ത്രി രാം മോഹൻ നായിഡു കുറ്റപ്പെടുത്തി. ഓരോ ദിവസവും 200 വരെ സർവീസുകളാണ് ഇൻഡിഗോ കഴിഞ്ഞ മാസം അവസാന ദിവസങ്ങളിൽ റദ്ദാക്കിയത്. DGCA-യുടെ നിയന്ത്രണ നിർദേശങ്ങൾ പാലിക്കുന്നതിന് ആവശ്യമായ സമയം നൽകിയിരുന്നുവെന്ന് കേന്ദ്രമന്ത്രി അറിയിച്ചു. സർവീസുകൾ അടിയന്തരമായി സാധാരണ നിലയിലാക്കാനും നിരക്ക് വർദ്ധന ഉണ്ടാകുന്നില്ലെന്ന് ഉറപ്പാക്കാനും രാം മോഹൻ നായിഡു ആവശ്യപ്പെട്ടു.

✪✪✪

റിസർവ് ബാങ്കിന്റെ ദ്വൈമാസ സാമ്പത്തിക നയം RBI ഗവർണർ സഞ്ജയ് മൽഹോത്ര രാവിലെ പ്രഖ്യാപിക്കും. ധനനയ സമിതിയുടെ മൂന്ന് ദിവസത്തെ യോഗം ബുധനാഴ്ച മുംബൈയിൽ തുടങ്ങിയിരുന്നു. പണപ്പെരുപ്പം നിയന്ത്രണ വിധേയവും വളർച്ച ഉയർന്ന നിലയിലുമായതിനാൽ പലിശനിരക്കിൽ കാര്യമായ മാറ്റം ഉണ്ടാവില്ലെന്നാണ് സൂചന.

✪✪✪

രാജ്യത്തെ വഖഫ് സ്വത്തുക്കൾ ഉമീദ് പോർട്ടലിൽ രജിസ്റ്റർ ചെയ്യാൻ അനുവദിച്ച സമയപരിധി ഇന്ന് അവസാനിക്കും. പോർട്ടലിലെ സാങ്കേതിക പ്രശ്നം പരിഗണിച്ച് സമയപരിധി നീട്ടണമെന്ന് ആവശ്യമുയർന്നെങ്കിലും വഖഫ് ട്രിബ്യൂണലിന് തൃപ്തികരമെന്ന് തോന്നുന്ന കേസുകളിൽ മാത്രം സമയം നീട്ടി നൽകാനാണ് ഇപ്പോഴത്തെ തീരുമാനം.

✪✪✪

ഡിജിലോക്കർ പ്ലാറ്റ് ഫോമിൽ പാസ്പോർട്ട് വെരിഫിക്കേഷൻ സൗകര്യവും ലഭ്യമാണെന്ന് കേന്ദ്ര ഇലക്ട്രോണിക്സ് IT മന്ത്രാലയം അറിയിച്ചു. വിദേശകാര്യ മന്ത്രാലയവുമായി സഹകരിച്ചാണ് ഈ സേവനം ലഭ്യമാക്കുന്നത്. ഡിജിലോക്കർ അക്കൗണ്ടിന്റെ ഇഷ്യൂഡ് ഡോക്യുമെന്റ്സ് വിഭാഗത്തിൽ പാസ്പോർട്ട് രേഖ പരിശോധിക്കാനും ഡൌൺലോഡ് ചെയ്യാനും സൗകര്യം ലഭിക്കും.

✪✪✪

തീവ്ര വോട്ടർപട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന BLO-മാരുടെ ജോലിഭാരം കുറയ്ക്കാൻ സംസ്ഥാനങ്ങൾ അധിക ജീവനക്കാരെ നിയോഗിക്കുന്ന കാര്യം പരിഗണിക്കണമെന്ന് സുപ്രീംകോടതി ആവശ്യപ്പെട്ടു. BLO-മാർ ജോലിഭാരം കൊണ്ട് വിഷമതകൾ നേരിടുന്ന സാഹചര്യമുണ്ടായാൽ സംസ്ഥാന ഗവൺമെന്റുകൾ അതിൽ ഇടപെടണമെന്നും ചീഫ് ജസ്റ്റിസ് ജസ്റ്റിസ് സൂര്യകാന്ത് അധ്യക്ഷനായ ബഞ്ച് നിർദേശിച്ചു. തമിഴക വെട്രികഴകം സമർപ്പിച്ച ഹർജിയിലാണ് സുപ്രീംകോടതിയുടെ നിർദേശം

✪✪✪

ഇന്നലെ വൈകിട്ടു വരെ ഡിജിറ്റൈസ് ചെയ്ത എന്യൂമറേഷൻ ഫോമുകളുടെ എണ്ണം രണ്ട് കോടി 61.5 ലക്ഷം കവിഞ്ഞതായി മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ അറിയിച്ചു. വിതരണം ചെയ്ത ഫോമുകളുടെ 93.91% ആണിത്.

വോട്ടർമാരെ കണ്ടെത്താൻ കഴിയാത്ത ഫോമുകളുടെ എണ്ണം18.5 ലക്ഷത്തിലേറെയാണെന്നും അദ്ദേഹം പറഞ്ഞു. നഗരമേഖലയിൽ ഫോമുകൾ ഇനിയും പൂരിപ്പിച്ച് മടക്കി നൽകാത്തവർ എത്രയും വേഗം അവ കൈമാറണമെന്ന് ഡോ. കേൽക്കർ അഭ്യർത്ഥിച്ചു. ഫോമുകൾ സ്വീകരിക്കാനും അപ്‌ലോഡ് ചെയ്യാനും സജ്ജമാക്കിയ ക്യാമ്പുകൾ ഇന്നും പ്രവർത്തനം തുടരും.

✪✪✪

തീവ്ര വോട്ടർ പട്ടിക പരിഷ്കരണത്തിൽ 98.58 ശതമാനം പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് കാസർകോട് ജില്ല സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനത്തെത്തി. പത്തു ലക്ഷത്തി 62,981 എന്യൂമറേഷൻ ഫോമുകൾ ഡിജിറ്റൈസ് ചെയ്താണ് കാസർകോട് ജില്ല ഈ നേട്ടം കൈവരിച്ചത്. 98.53 ശതമാനം പ്രവർത്തനങ്ങൾ പൂർത്തിയാക്കിയ വയനാട് ജില്ലയാണ് രണ്ടാം സ്ഥാനത്ത്.

✪✪✪

ഇന്ന് ലോക മണ്ണുദിനം. മണ്ണിന്റെ പ്രാധാന്യം, ആരോഗ്യകരമായ മണ്ണിന്റെ ആവശ്യകത, മണ്ണിന്റെ സുസ്ഥിര പരിപാലനം എന്നിവയെക്കുറിച്ച് അവബോധം നൽകുക എന്ന ലക്ഷ്യത്തോടെയാണ് 2014 മുതൽ ദിനാചരണം ആരംഭിച്ചത്.

✪✪✪

തദ്ദേശ തെരഞ്ഞെടുപ്പ് ആദ്യഘട്ടത്തിലെ പരസ്യപ്രചാരണത്തിന് ശേഷിക്കുന്നത് ഇനി മൂന്നു ദിവസം. ആവേശപ്പോരാട്ടത്തിന് കളമൊരുക്കുന്ന തിരക്കിലാണ് സ്ഥാനാർത്ഥികളും മുന്നണികളും. തിരുവനന്തപുരം മുതൽ എറണാകുളം വരെ ഏഴ് ജില്ലകളിലാണ് ആദ്യഘട്ടത്തിൽ ഈ മാസം ഒമ്പതിന് വോട്ടെടുപ്പ്. തൃശൂർ മുതൽ കാസർകോട് വരെ ജില്ലകളിൽ 11നാണ് വോട്ടെടുപ്പ്.

ആലപ്പുഴയിൽ നിന്ന്  R രവികുമാർ..

.......വോയ്സ്.........

✪✪✪

മലയോരമേഖലയായ പത്തനംതിട്ട ജില്ല പൊതുതിരഞ്ഞെടുപ്പിന്റെ ചൂടിലാണ്. ജില്ലാ പഞ്ചായത്തിൽ ഏറ്റവും കുറവ് സ്ഥാനാർത്ഥികൾ മത്സരിക്കുന്ന ജില്ലകൂടിയാണ് പത്തനംതിട്ട...

ശ്രിജി S ശ്രീധർ തയ്യാറാക്കിയ റിപ്പോർട്ട്....

.......വോയ്സ്.......

തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളിലേയ്ക്കുള്ള ആദ്യഘട്ട പൊതുതിരഞ്ഞെടുപ്പിനു ഇനി നാലുദിനങ്ങൾ മാത്രം ശേഷിക്കേ പത്തനംതിട്ട ജില്ലയിൽ പ്രചാരണ പ്രവർത്തനങ്ങൾ സജീവമാക്കി സ്ഥാനാർഥികളും. മുന്നണികളും. ഓരോവോട്ടും തങ്ങൾക്ക് ഉറപ്പിക്കാൻ വോട്ടറെ നേരിൽ കണ്ടും വാർഡുതല പര്യടനങ്ങളും മറ്റുമായി പ്രചാരണത്തിന്റെ മൂന്നാം ഘട്ടത്തിലാണ് സ്ഥാനാർഥികളും പ്രധാന മുന്നണികളും.

വികസനപ്രവർത്തനങ്ങൾ എണ്ണിപറഞ്ഞ് എൽ.ഡി.എഫ് സ്ഥാനാർഥികൾ വോട്ടുറപ്പിക്കാൻ ശ്രമിക്കുമ്പോൾ പഞ്ചായത്തു റോഡുകളുടെ ശോചനീയാവസ്ഥ,  റബർ ഉൾപ്പെടെയുള്ള നാണ്യവിളകളുടെ വിലയിടിവും, കുടിവെള്ളപ്രശ്നം, തെരുവുനായ ശല്യം, കാട്ടുമൃഗശല്യം ശബരിമല സ്വർണ കവർച്ച,തുടങ്ങിയവ ചൂണ്ടിക്കാട്ടി എൻ.ഡി.എയും യു.ഡി.എഫ്ഫും വോട്ടർമാരോട് വോട്ടഭ്യർഥന നടത്തുന്നു. ജില്ലാ പഞ്ചായത്തിലെ 17 ഡിവിഷനുകൾ, തിരുവല്ല,അടൂർ,പത്തനംതിട്ട,പന്തളം എന്നീ നാലു നഗരസഭകൾ,എട്ടു ബ്ലോക്ക് പഞ്ചായത്തുകൾ,53 ഗ്രാമപഞ്ചായത്തുകൾ എന്നിവിടങ്ങളിൽ നിന്നായി ആകെ 3549 സ്ഥാനാർഥികളാണ് മത്സരരംഗത്തുള്ളത്.

1910 സ്ത്രീകളും 1639 പുരുഷൻമാരും ഇതിൽ ഉൾപ്പെടുന്നു. മറ്റുള്ള ജില്ലകളെ അപേക്ഷിച്ച് ജില്ലാപഞ്ചായത്തിൽ ഏറ്റവും കുറവ് സ്ഥാനർഥികളുള്ളതും പത്തനംതിട്ട ജില്ലയിലാണ്. 54 സ്ഥാനാർഥികളാണ് ജനവിധി തേടുന്നത്. തിരഞ്ഞെടുപ്പിന് ഉപയോഗിക്കുന്ന വോട്ടിംഗ് യന്ത്രങ്ങളുടെ കമ്മീഷനിംഗ്

അതത് കേന്ദ്രങ്ങളിൽ ഇന്നോടെ ജില്ലയിൽ പൂർത്തിയാകും. ഇവിഎം മെഷീനുകളിൽ സ്ഥാനാർഥികളുടെ സാന്നിധ്യത്തിൽ ക്രമനമ്പർ, പേരും ചിഹ്നവും അടങ്ങുന്ന സ്ലിപ്പ് സ്ഥാപിച്ച് സീൽ ചെയ്യുന്നതാണ്കമ്മിഷനിങ്.

ബാലറ്റ് യൂണിറ്റിൽ സ്ഥാനാർഥിയുടെ ചിഹ്നം ഉൾപ്പെടുന്ന ബാലറ്റ് പേപ്പറും സജ്ജീകരിക്കും. പുളിക്കീഴ്, മല്ലപ്പള്ളി ബ്ലോക്ക്, തിരുവല്ല നഗരസഭ എന്നിവയുടെ കമ്മീഷനിംഗാണ് ഇന്ന് നടക്കുക.

✪✪✪

അട്ടിമറി വിജയങ്ങൾക്ക് സാക്ഷ്യം വഹിക്കുന്ന കാസർകോട് ജില്ലയിൽ മൂന്ന് മുന്നണികളും തികഞ്ഞ ആത്മവിശ്വാസത്തിലാണ്.

കാസർകോട്  നിന്നും P ജഗന്നിവാസൻ ...

.... (വോയ്സ്) ....

✪✪✪

സംസ്ഥാനത്തെ ഏക പട്ടിക വർഗ്ഗ ഗ്രാമ പഞ്ചായത്തായ ഇടുക്കി ഇടമലക്കുടിയിൽ ഇക്കുറി 41 സ്ഥാനാർത്ഥികളാണ് മത്സരരംഗത്ത്. 14 വാർഡുകളിലായി 1,803 വോട്ടർമാരുണ്ട്.

ഡെസ്ക് റിപ്പോർട്ട്...

.......വോയ്സ്.....

ഇടമലക്കുടിയിലെ 14 വാർഡിലും പട്ടിക വർഗ സംവരണമാണ്. ഏഴ് വാർഡുകൾ വനിതകൾക്കായി സംവരണം ചെയ്തിരിക്കുന്നു. 14 പോളിംഗ് ബൂത്തുകളിലേക്ക് 56 പോളിംഗ് ഉദ്യോഗസ്ഥർ കിലോമീറ്ററുകൾ നടന്നുവേണം എത്തിച്ചേരാൻ. ഇടമലക്കുടിയിലെ പ്രതികൂല കാലാവസ്ഥ കണക്കിലെടുത്ത് തെരഞ്ഞെടുപ്പ് പ്രവർത്തനങ്ങൾ ഏകോപിക്കാൻ ഏഴ് സെക്ടറൽ അസിസ്റ്റന്റുമാരെ തെരഞ്ഞെടുപ്പ് കമ്മീഷൻ നിയോഗിക്കും. വന്യമൃഗ ശല്യം ഉണ്ടാകാതെ സുഗമവും സുരക്ഷിതവുമായ വോട്ടെടുപ്പിന് പോളിംഗ് ബൂത്തുകൾക്ക് താൽകാലിക വേലിയും നിർമ്മിക്കും. വനം വകുപ്പ് RRT-യുടെ സേവനവും ബൂത്തുകളിൽ ലഭ്യമാക്കും.

✪✪✪

സൂപ്പർലീഗ് കേരള ഫുട്ബോളിൽ മലപ്പുറം FC സെമി യോഗ്യത നേടി. പയ്യനാട് സ്റ്റേഡിയത്തിൽ ഫോഴ്സ കൊച്ചി FCയെ രണ്ടിനെതിരെ നാല് ഗോളിനാണ് മലപ്പുറം തോൽപ്പിച്ചത്. ഇതോടെ സെമി ഫൈനൽ യോഗ്യത നേടിയ

നാലാമത്തെ ടീമായി മലപ്പുറം മാറി. കാലിക്കറ്റ് FC, തൃശൂർ മാജിക് FC, കണ്ണൂർ വാരിയേഴ്സ് ടീമുകളാണ് മലപ്പുറത്തിനൊപ്പം സെമിയിൽ എത്തിയത്.

മറ്റന്നാൾ ആദ്യ സെമിയിൽ തൃശൂർ മാജിക് FC, മലപ്പുറത്തെ നേരിടും. രണ്ടാം സെമിയിൽ ഈ മാസം പത്തിന് കാലിക്കറ്റ് FC, കണ്ണൂർ വാരിയേഴ്സിനേയും നേരിടും. ഡിസംബർ 14ന് കോഴിക്കോട്ടാണ് ഫൈനൽ മത്സരം.

✪✪✪

ജൂനിയർ ഹോക്കി പുരുഷ ലോകകപ്പ് ക്വാർട്ടറിൽ ഇന്ത്യ ഇന്ന് ബെൽജിയത്തെ നേരിടും. രാത്രി എട്ടിന് ചെന്നൈയിലാണ് മത്സരം.

✪✪✪

കാസർകോട്, കണ്ണൂർ, കോഴിക്കോട്, വയനാട് ജില്ലകളിലും കർണാടക അതിർത്തി ജില്ലകളിലും ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യയുടെ സർവെയുടെ ഭാഗമായി വിമാനങ്ങൾ ഡിസംബർ 12 മുതൽ ഫെബ്രുവരി 15 വരെ താഴ്ന്നു പറന്നേക്കും. ഭൂമിയുടെ അടിത്തട്ടിലെ ധാതുനിക്ഷേപം കണ്ടെത്താനാണ് വിമാന സർവ്വെ നടത്തുന്നത്. പൊതുജനങ്ങൾ പരിഭ്രാന്തരാകേണ്ടതില്ലെന്ന് ജില്ലാ കളക്ടർ അറിയിച്ചു.

✪✪✪

കോഴിക്കോട് താമരശ്ശേരി ചുരത്തിൽ ഇന്ന് ഗതാഗത നിയന്ത്രണം ഏർപ്പെടുത്തി. എട്ടാം വളവിൽ മുറിച്ചിട്ട മരങ്ങൾ ക്രെയിൻ ഉപയോഗിച്ച് മാറ്റുന്നതുകൊണ്ട് രാവിലെ എട്ട് മുതൽ വൈകിട്ട് ആറ് വരെ മൾട്ടി ആക്സിൽ വാഹനങ്ങൾ കടത്തിവിടില്ല. നാടുകാണി, കുറ്റ്യാടി ചുരങ്ങൾ വഴി അവ തിരിച്ചു വിടും. ചെറുവാഹനങ്ങൾ ഇടവിട്ട സമയങ്ങളിൽ മാത്രമേ ചുരംവഴി കടത്തിവിടൂവെന്നും പൊതുമരാമത്ത് വകുപ്പ് അറിയിച്ചു.

✪✪✪

രാഹുൽ മാങ്കൂട്ടത്തെ കോൺഗ്രസിൽനിന്നും പുറത്താക്കിയ നടപടിയിൽ, പാർട്ടിക്കൊപ്പമാണെന്ന് ഷാഫി പറമ്പിൽ MP അറിയിച്ചു. പാർട്ടിക്ക് പരാതി കിട്ടിയപ്പോൾ നിയമപരമായ സമീപനമാണ് സ്വീകരിച്ചതെന്നും കോൺഗ്രസ് എടുത്ത നടപടി മറ്റു പാർട്ടികളിൽ നിന്ന് ഉണ്ടായിട്ടില്ലെന്നും അദ്ദേഹം കോഴിക്കോട്ട് പറഞ്ഞു.

✪✪✪

*News Editor & News Reader: അനിൽ ചന്ദ്രൻ*
*NRTs: അബ്ദുൾ കബീർ, അനുഷ ആത്മപ്രകാശ്*
*DEO: സി കെ സുബോധ്*